

# യേശു, ദൈവം ആകുന്നു

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ഇന്ന് ഈ ലോകം മുഴുവനുമുള്ള ജനങ്ങൾ പല ദൈവങ്ങളിൽ വിശ്വസിക്കുന്ന വ്യത്യസ്ഥരായവരാണല്ലോ. എന്നാൽ എല്ലാവരും സ്നേഹിക്കുന്ന ഒരു വ്യക്തിയാണ് യേശു. പലരും ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നവരാണെങ്കിലും അവരെല്ലാം യേശുവിനെ സ്നേഹിക്കുന്നവരാണ്. യേശു ജീവിച്ചിരുന്നപ്പോഴും അല്ലാത്തപ്പോഴും എപ്പോഴും എല്ലാവരേയും സ്നേഹിക്കുകയും എല്ലാവരേയും സ്നേഹിക്കണമെന്ന് പഠിപ്പിക്കുയും ചെയ്തു. ദൈവം സ്നേഹമെന്ന് പഠിപ്പിക്കുകയും, അവൻ പറഞ്ഞിട്ടുള്ളതും പഠിപ്പിച്ചിട്ടുള്ളതും പ്രവർത്തി പഥത്തിൽ വരുത്തിയിട്ടുമുണ്ട്. He is the only, who said and did everything. ഈ ലോകത്ത് വേറാരും ചെയ്തിട്ടില്ലാത്ത ഒരേ ഒരു കാര്യമാണ്. തന്നെ പരസ്യമായി പരിഹസിക്കുകയും ഉപദ്രവിക്കുകയും അന്നത്തെ ഏറ്റവും നികൃഷ്ടമായ ക്രൂശു മരണം വെരെ നൽകിയവരെ പരസ്യമായും രഹസ്യമായും സ്നേഹിക്കുക മാത്രം ചെയ്തിട്ടുള്ള ഒരേ ഒരു വ്യക്തി യേശു മാത്രമാണല്ലോ. ലോകചരിത്രത്തിൽ തങ്കലിപികളാൽ ലേഖനം ചെയ്തിട്ടുള്ള ഒരു കാര്യമാണിത്.

“യേശുവിനെ ക്രിസ്തു എന്ന് വിശ്വസിക്കുകയും വായ്കൊണ്ട് ഏറ്റു പറയുകയും ചെയ്താൽ രക്ഷിക്കപ്പെടും” എന്ന് വിശുദ്ധ സത്യവേദപുസ്തകത്തിൽ എഴുതിയിട്ടുണ്ട്.

എന്തുകൊണ്ടാണ് വേദപുസ്തകത്തെ സത്യവേദപുസ്തമെന്ന് വിളിക്കുന്നത്. സത്യം സത്യം മാത്രമാണ് വിശുദ്ധ പുസ്തകത്തിൽ എഴുതിയിട്ടുള്ളത്. പലപ്പോഴും അതിലെ പല ഭാഗങ്ങളും നമ്മളിൽ പലരും പരസ്യമായും രഹസ്യമായും വായിക്കാൻ ഇഷ്ടപ്പെടാത്ത കാര്യങ്ങളാണ്. എന്തുകൊണ്ടെന്നാൽ അതിൽ എഴുതപ്പെട്ടിരിക്കുന്നപലതും വായിക്കാൻ അറപ്പും വെറുപ്പുമുളവാക്കുന്നതാണ്. കാരണം സത്യം സത്യമായിട്ടുള്ളതും പലതും വായിക്കാൻ ആരും ഇഷ്ടപ്പെടാറില്ലല്ലോ. അങ്ങിനെ സത്യം സത്യം മാത്രം എഴുതപ്പെട്ടിരിക്കുന്ന പുസ്തകത്തിൽ യേശു ദൈവമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതുകൊണ്ടാണോ അവനെ ദൈവം എന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്!

ഒരിക്കൽ ഞാൻ ഒരു ക്രിസ്ത്യാനിയോട് യേശു ആരാണെന്ന് ചോദിച്ചു. എനിക്കു കിട്ടിയ മറുപടി “ദൈവപുത്രൻ” എന്നായിരുന്നു. അപ്പോൾ ദൈവം ആരാണ്? തുടർന്ന് ഞാൻ ചോദിച്ചു. “യഹോവ”.

വേറൊരിക്കൽ ഞാൻ ഒരു പാശ്ചാത്യനോട് ചോദിച്ചു നിങ്ങൾ ക്രിസ്ത്യാനിയാണോ? അയാൾ പറഞ്ഞ മറുപടി: “ഞാൻ കത്തോലിക്കനാണ്” തുടർന്ന് ഞാൻ ചോദിച്ചു അപ്പോൾ നിങ്ങളുടെ ദൈവം ആരാണ്? “പോപ്പ്” അപ്പോൾ യേശു ആരാണ് “He is son of God” “അവൻ ദൈവപുത്രനാണ്”

എന്തുകൊണ്ടാണ് നമ്മളെല്ലാം യേശു ദൈവമെന്ന് വിശ്വസിക്കുന്നത്? അവൻ അത്ഭുതങ്ങൾ പ്രവർത്തിച്ചതു കൊണ്ടാണോ?, രോഗികളെ പരിപൂർണ്ണം സൗഖ്യമാക്കിയതുകൊണ്ടാണോ? മരിച്ചവരെ ഉയിർപ്പിച്ചതു കൊണ്ടാണോ? അവൻ ക്രൂശിക്കപ്പെട്ടതുകൊണ്ടോ, മൂന്നാം ദിവസം ഉയിർത്തെഴുന്നതു കൊണ്ടോ, പരസ്യമായ് സ്വർഗ്ഗാരോഹണം ചെയ്തതുകൊണ്ടൊന്നുമല്ല നമ്മൾ അവനെ ദൈവമെന്ന് വിശ്വസിക്കുന്നത്. പ്രവാചകന്മാരും ദീർഘദർശികളും അവൻ ഭൂമിയിൽ ജനിക്കുന്നതിന് മുമ്പായി പ്രവചിച്ചിട്ടുള്ളതാണ് ഇവിടെ അവനിലൂടെ നിവർത്തിയായത്. ഇന്ന് ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന നാനാ ജാതിമതസ്ഥരും അവർ വിശ്വസിക്കുന്ന ഒരു പ്രവചകനും അവരുടെ ഇപ്പോൾ വിശ്വസിക്കുന്ന ദൈവത്തെക്കുറിച്ച് ഇങ്ങിനെ പ്രവചിച്ചിട്ടില്ല.

അപ്പോൾ പ്രവാചകന്മാർ ആരാണ്. അവരുടെ പിതാക്കന്മാർ ആരാണ്. അവരുടെ പൂർവ്വ ചരിതം എന്താണ്. അവരുട പശ്ചാത്തലം എന്താണ്! തുടങ്ങിയ കാര്യങ്ങൾ ഏറ്റവും വിശദമായി പറയുന്ന പുസ്തകങ്ങളാണ് പഴയ നിയമത്തിലുള്ളത്. പഴയ കാലത്ത് ഈ പുസ്തകങ്ങൾ മുഴുവനും യഹൂദന്മാരുടെയും മുസ്ലീമങ്ങളുടേയും പുസ്തകങ്ങളായിരുന്നു. എന്നാൽ ക്രിസ്തുവിനുശേഷം ഇത് ക്രിസ്ത്യാനികളുടെ കൂടെ പുസ്തകമായി തീർന്നു. പഴയ കാലത്ത് സത്യം സത്യമായി നടന്ന പലതും ഇന്ന് നമ്മൾക്ക് വളരെയധികം അറപ്പും വെറുപ്പും ഉളവാകുന്നതാണല്ലോ. അതിൽ നമ്മൾക്ക് ആരേയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഓരോ കാലഘട്ടത്തിൽ നടക്കുന്ന സത്യം സത്യമായിട്ടുള്ള കാര്യങ്ങൾ പിന്നീടുള്ള ലോകത്തിന് ഇഷ്ടമല്ലായിരിക്കും.

യേശു ജനിച്ച ശേഷം ഏകദേശം മുപ്പതു വർഷത്തെക്കുറിച്ച് വിശദമായി വി. വേദപുസ്തകത്തിൽ പറയുന്നില്ല. എന്നാൽ വേദചരിത്രത്തിൽ നിന്ന് വളരെയധികം കാര്യങ്ങൾ നമ്മൾക്ക് ഗ്രഹിക്കാൻ സാധിക്കും. അവന് ഓർമ്മവെച്ച നാൾ മുതൽ അവന്റെ വളർത്തു പിതാവായ ജോസഫ്പിതാവിന്റെ കൂടെ തച്ചപണി ചെയ്ത് വെറും സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ചു. രാജാക്കന്മാരുടെ രാജാവായവൻ വെറും സാധാരണക്കാരന്റെ ഗൃഹത്തിൽ അതും വെറു ബാലികയായ, നിർദ്ധനയായ പാവം പിടിച്ച മറിയാമ്മിൽ ജനിക്കുക. രാജകുടുംബങ്ങളിൽ രാജസ്ത്രീകളിൽ ജനിക്കേണ്ടവനല്ലേ! അതാണ് പ്രവചനം. അവളുടെ കന്യാവ്രതമുദ്രയ്ക്ക് ഭംഗം വരാതെ അവൻ ജനിക്കുക. പരിശുദ്ധാത്മാവിനാൽ ഗർഭിണിയാകുക. ജന്മമേകിയ ശേഷം വെറും ആട്ടിടയന്മാരാൽ ആദ്യ ദർശനം. അതിനുശേഷമാണല്ലോശാസ്ത്രജ്ഞന്മാർവന്നുകാണുന്നത്.പിന്നീട് വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രവചനം പോലെ ഏകദേശം രണ്ടായിരം പിഞ്ചുകുഞ്ഞുങ്ങളെ വധിക്കുക. രാജാധിരാജന്റെ ജന്മത്തിന് അത് ആവശ്യമായിരുന്നു. അങ്ങിനെ പ്രവചനം പൂർത്തീകരിക്കപ്പെട്ട് അവൻ ദൈവമെന്ന് ഇന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കാനിടയായി.

ഇത് പൊരുൾ തിരിച്ച് സാധാരണ ജനങ്ങളെ ബോധ്യപ്പെടുത്തിയത് അക്കാലത്ത് വേദപണ്ഡിതശ്രേഷ്ഠന്മാരിലൊരാളായ ശൗൽ ആണ്. യേശു ജീവിച്ചിരുന്നപ്പോൾ അവൻ യഹൂദന്മാരിലൊരാളായിട്ടുണ്ടായിരുന്നെങ്കിലും അവനെ ചേർക്കേണ്ട സമയത്തു മാത്രമാണ് കൂട്ടി ചേർത്തത്. അല്ലായിരുന്നെങ്കിൽ യേശുവിന് യാതൊന്നും പ്രവർത്തിപഥത്തിൽ വരുത്താൻ കഴിയത്തില്ലായിരുന്നു. യേശു എന്തു ചെയ്താലും അതിനെല്ലാം പൗരാണിക തത്വശാസ്ത്രപ്രകാരം പാടില്ലായെന്ന് ഒരു പക്ഷേ അവൻ പറയുമായിരിക്കണം. ഇത് നമ്മുടെ ജീവിതത്തിലും നാം മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. ദൈവം അറിയാതെ ഒന്നും നമ്മുടെ ജീവിതത്തിൽ നടക്കുന്നില്ല. നമ്മുടെ ജീവിതത്തിൽ നടക്കുന്നതെന്തും ദൈവഹിതപ്രകാരമെന്ന് നമ്മൾ വിശ്വസിച്ച് അവന്റെ തീരുമാനങ്ങൾ നമ്മളെ ബോധ്യപ്പെടുത്തി അതിനുതകും വിധം നമ്മളും പ്രവർത്തിച്ചാൽ എല്ലാ കാര്യങ്ങളും ക്ലേശമില്ലാതെ തീരുമല്ലോ. നമ്മൾക്ക് രോഗങ്ങളും പീഢകളും വിഷമതകളും എല്ലാം വരുന്നത് ദൈവേഷ്ടം നടപ്പാക്കാൻ വേണ്ടിയെന്ന് മനസ്സിലാക്കി ആ നല്ലവനായ ദൈവത്തെ സ്തുതിച്ച് നമ്മൾക്ക് ജീവിക്കാം.